**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1157** **14-03-2022 - ൽ മറുപടിയ്ക്ക്**

**റാന്നി മണ്ഡലത്തിലെ മലയോര ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലയോര ഹൈവേയുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ; ഇതിനായി ആകെ എത്ര രൂപയാണ് ചെലവഴിക്കുന്നത്; | (എ) | മലയോര ഹൈവേയുടെ 919.1 കി.മീ. വരുന്ന 44 റീച്ചുകളാണ് കെ.ആർ.എഫ്.ബി മുഖാന്തിരം നടപ്പിലാക്കുന്നത്. 919.1 കി.മീറ്ററിൽ 755.1 കി.മീ. റോഡിന്റെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിലേയ്ക്ക് സമർപ്പിച്ചു. ഇതിൽ 653 കി.മീ.റോഡിന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചു. അതിൽ 411 കി.മീ. റോഡിന് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്തതിൽ 311 കി.മീ. റോഡിന്റെ പ്രവൃത്തി ആരംഭിക്കുകയുണ്ടായി. 93.68 കി.മീ. റോഡിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. 10.07.2017 തീയതിയിലെ സ.ഉ(സാധാ)നം.942/2017/ പൊ.മ.വ. പ്രകാരം മലയോര ഹൈവേ പദ്ധതിക്ക് 3500 കോടി രൂപയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പദ്ധതിയിൽ ഇതേവരെ 1973.74 കോടി രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. |
| (ബി) | റാന്നി നിയോജകമണ്ഡലത്തിലെ ഏതൊക്കെ റോഡുകളാണ് മലയോര ഹൈവേയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ; മലയോര ഹൈവേയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | റാന്നി നിയോജക മണ്ഡലത്തിൽ കെ.എസ്.റ്റി.പി മുഖേന നടപ്പിലാക്കുന്ന കോന്നി - പ്ലാച്ചേരി റോഡ്, പ്ലാച്ചേരി - പൊൻകുന്നം റോഡ് പ്രവൃത്തികളാണ് മലയോര ഹൈവേയിൽ ഉൾപ്പെടുന്നത്. പ്രസ്തുത റോഡുകളുടെ നിർമ്മാണം നിലവിൽ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ